# AMRITA VIDYALAYAM

## ANNUAL EXAMINATION 2017 - '18

**Class : VI** **Marks : 80**
**Time : 2½ hrs**

# മലയാളം

GENERAL INSTRUCTIONS:
This question paper is divided in to four sections.
Section A: Reading comprehension - 10 Marks.
Section B: Writing - 16 Marks.
Section C: Grammar - 17 Marks.
Section D: Literature - 37 Marks.

## പാരായണവിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **10**

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് അത്യാവശ്യം വേണ്ടുന്ന മൂന്നു കാര്യങ്ങളാണ് വായു, വെള്ളം, ഭക്ഷണം എന്നിവ. ഇതിൽ ഭക്ഷണത്തിന് നാം അന്യനാടുകളെ ആശ്രയിക്കുകയാണിന്ന്. അനുദിനം വർധിക്കുന്ന ജനസംഖ്യ ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്നു. ജനസംഖ്യ കൂടുന്നതിനനുസരിച്ച് കൃഷിസ്ഥലങ്ങൾ വർധിക്കുന്നില്ല. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം മൂലം കർഷകന് നല്ല രീതിയിൽ കൃഷിയിറക്കാൻ കഴിയാതെ വരുന്നു. ഇത് വിളനാശത്തിനു കാരണമാകുന്നു. വയലുകൾ നികത്തി വീട് വെയ്ക്കുന്നത് ഇന്ന് വ്യാപകമായിട്ടുണ്ട്. ജലസ്രോതസ്സുകൾ വറ്റാൻ ഇത് കാരണമാകുന്നു. കാർഷികപ്രതിസന്ധി പരിഹരിക്കുകയാണ് ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രധാനമാർഗം. ജലസേചന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. കീടനാശിനികളും

വളവും മിതമായ നിരക്കിൽ നൽകണം. ഇങ്ങനെ കൃഷിക്ക് വേണ്ട പ്രോത്സാഹനം നൽകുകയാണ് വേണ്ടത്.

a) മനുഷ്യന് ജീവിക്കാൻ വേണ്ടുന്ന അത്യാവശ്യ കാര്യങ്ങൾ ഏവ?

b) ഭക്ഷ്യപ്രശ്നം ഉണ്ടാകാനുള്ള പ്രധാനകാരണം എന്താണ്?

c) ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രധാനമാർഗം എന്ത്?

d) കൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാമാണ് ചെയ്യേണ്ടത്?

e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## രചനാവിഭാഗം

**II.1. ആശയവിപുലനം.** **8**

“പരനില്ലുപകാരമെങ്കിലീ
നരജന്മത്തിനു മാറ്റുമറ്റുപോം.”

**2. ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

“വിനോദയാത്രയുടെ പ്രാധാന്യം”

## വ്യാകരണവിഭാഗം

**III.1. അംഗ–അംഗി വാക്യങ്ങൾ വേർതിരിച്ചെഴുതുക.** **2**

ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം.

**2. പ്രയോഗം മാറ്റുക.** **2**

i. ഹരി ചിത്രം വരച്ചു.

ii. വിക്ടോറിയ രാജ്ഞിയാൽ വിളിക്കപ്പെട്ടു.

**3. വാക്യശുദ്ധി വരുത്തുക.** **1**

അയാളുടെ മനസ്സിൽ ഭീതിയുടെ മഞ്ഞ് ഭയത്തോടെ അടിഞ്ഞു കൂടുന്നു.

**4.** കേവലക്രിയ – പ്രയോജകക്രിയ ഇവ ഉദാഹരണസഹിതം വിവരിക്കുക. **2**

5. അലംകൃതശരീരം എന്ന പദം വിഗ്രഹിക്കുന്നതെങ്ങനെ? ½
(അലംകൃതമായ ശരീരം, ശരീരത്തന്റെ അലങ്കാരം, അലംകൃതവും ശരീരവും)

6. മനോഹരമായ പീലി എന്നതിന്റെ ഒറ്റപ്പദം എഴുതുക. ½
(മയിൽപ്പീലീ, പൂംപീലീ, മണിപ്പീലി)

7. സൗരഭ്യം എന്ന പദത്തിന്റെ അർഥം എഴുതുക. ½
(മനോഹരം, സുഗന്ധം, രുചി)

**8. സമാനപദം അല്ലാത്തത് ഏത്? 2**

i. ദന്തം – പല്ല്, ദീനം, രദം

ii. മകൻ – പവനൻ, പുത്രൻ, സുതൻ

9. ശുദ്ധം എന്ന പദത്തിന്റെ വിപരീതപദം എഴുതുക ½
(വിശുദ്ധം, പരിശുദ്ധം, അശുദ്ധം)

**10. ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക. 2**

i. പ്രശസ്ഥി – പ്രശസ്തി

ii. ഖഗങ്ങൾ – ഗഖങ്ങൾ

iii. മാരകം – മാരഗം

iv. ഉത്ഭവം – ഉത്ബവം

**11. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 1**

ചെളിപ്പാടം

12. 'മകൻ' എന്ന പദത്തിന്റെ എതിർലിംഗപദം എഴുതുക. ½

**13. അർത്ഥ വ്യത്യാസം എഴുതുക. ½**

വേള – വേളി

**14. വാക്യത്തിൽ പ്രയോഗിക്കുക. 2**

i. പരിഷ്കരിക്കുക. ii. തക്കം നോക്കുക

## സാഹിത്യവിഭാഗം

**IV. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. 4**

"മഴ പെയ്യുമ്പോൾ .................................

........................................... മഴക്കാറ്റും"

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 28**

a) വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം, ഇവ

ഉദാഹരണസഹിതം വിവരിക്കുക.

b) ഈ നാടല്ലോ വ്യഥ എന്ന് കവയിത്രി പറഞ്ഞതിന്റെ പൊരുൾ എന്ത്?

c) ആധുനിക സമൂഹത്തിന് മടക്കം എന്ന കഥ നൽകുന്ന സന്ദേശത്തെക്കുറിച്ച് വിവരിക്കുക.

d) കാടിന്റെ ഭംഗി ആസ്വദിച്ചു നടക്കുന്ന രാമനെയും സീതയെയും ലക്ഷ്മണനെയും കവി വർണിക്കുന്നതെങ്ങനെ?

e) കഥകളിയുടെ ജനനവും വികാസവും വിവരിക്കുക.

f) "നീന്തുന്ന ദേവിതൻ നീണ്ടു
ചുരുണ്ട വിരിവാർകുഴൽ
നിർമിച്ചു ഗോദാവരിയിൽ
കാളിന്ദീഭംഗിയൊട്ടിടം" ആശയം വിശദീകരിക്കുക.

g) തെംസ് നദിയിലെ ജലത്തിൽ കോളറയുടെ അണുക്കൾ അടങ്ങിയിട്ടുണ്ടെന്ന് ഡോക്ടർ ജോൺസ്നോ കണ്ടെത്തിയത് എങ്ങനെ?

**VI. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 5**

a) വ്യഥ എന്ന കവിത എഴുതിയതാര്?
(ബാലാമണിയമ്മ, സുഗതകുമാരി, മാധവിക്കുട്ടി)

b) ഉണ്ണായിവാര്യർ രചിച്ച ആട്ടക്കഥ ഏത്?
(നളചരിതം, കൃഷ്ണനാട്ടം, കല്യാണസൗഗന്ധികം)

c) കൊതുകുജന്യരോഗം അല്ലാത്തത് ഏത്?
(ചിക്കുൻഗുനിയ, പോളിയോ, ഡെങ്കിപ്പനി)

d) മടക്കം എന്ന ചെറുകഥ രചിച്ചത് ആര്?
(ഗ്രേസി, സാറാജോസഫ്, പി.വത്സല)

e) കഥകളി നടക്കുന്നു എന്ന് നാട്ടുകാരെ അറിയിക്കാൻ നടത്തുന്ന ചെണ്ട മേളം.
(മേളപ്പദം, കേളികൊട്ട്, പഞ്ചവാദ്യം)

f) കോളറ പടർന്നു പിടിച്ചത് എവിടെ?
(തേംസ് നദിയിൽ, ലണ്ടൻപട്ടണത്തിൽ, ബക്കിംഗ്ഹാം കൊട്ടാരത്തിൽ)

g) എന്താണ് അലതല്ലുന്നത്?
(മഴക്കാറ്റ്, പച്ചപ്പാടം, തെച്ചിക്കാട്)

h) മധ്യാഹ്ന വേളയിൽ എവിടെ ഇരിക്കാനാണ് സീത ഇഷ്ടപ്പെട്ടത്?
(വള്ളിക്കുടിലിൽ, പുളിനത്തിൽ, കാട്ടിൽ)

i) 'പൊന്നുവിന് ഇവിടത്തെ കാലാവസ്ഥ പറ്റുന്നില്ലച്ഛാ' എന്നു പറഞ്ഞത് ആര്?
(ശാരദ, കുഞ്ഞികൃഷ്ണൻ, അജയൻ)

j) കഥകളിക്കുള്ള പുസ്തകങ്ങൾ അറിയപ്പെടുന്നതെന്ത്?
(കഥ, ആട്ടക്കഥ, തിരക്കഥ)